## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2450** **07.02.2019 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി. വീണാ ജോർജ്ജ്** | | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ മന്ത്രി)** | |
| (എ) | സൗരോർജ്ജ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്; | **(എ)** യും **(ബി)** യും **(ഡി)** യും | വൈദ്യുതി മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേരള സർക്കാർ പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷൻ പദ്ധതിയിൽ സോളാർ വൈദ്യുതി ഉല്പാദനശേഷി 1000 മെഗാവാട്ടിലേയ്ക്ക് എത്തിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'സൗര'. കേരള സംസ്ഥാന വൈദ്യുതി ബോർഡും അനർട്ടും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിലൂടെ താഴെപ്പറയുന്ന രീതിയിൽ 500 മെഗാവാട്ട് പുരപ്പുറ സോളാർ പദ്ധതി നടപ്പിലാക്കുന്നു.<br>ഗാർഹിക /കാർഷിക ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ - 150 മെഗാവാട്ട്<br>സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറങ്ങളിൽ - 100 മെഗാവാട്ട്<br>വാണിജ്യം-വ്യവസായം തുടങ്ങിയ മറ്റു സ്ഥാപനങ്ങളിൽ - 250 മെഗാവാട്ട്<br>സോളാർ പാർക്ക് – 150 മെഗാവാട്ട്, ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ - 100 മെഗാവാട്ട്, കനാലുകളുടെ കരയിലും പുറങ്ങളിലുമായി – 50 മെഗാവാട്ട്, സുതാര്യ റിവേഴ്സ് ലേലം വഴി – 200 മെഗാവാട്ട് എന്നിങ്ങനെ 500 മെഗാവാട്ടിന്റെ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ നേരിട്ടും നടപ്പിലാക്കുന്നു.<br><br>അക്ഷയ ഊർജ്ജ രംഗത്ത് സംസ്ഥാനത്ത് വിവിധ മേഖലകളിൽ മികച്ച സംഭാവന നൽകിയ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും 2018 വർഷം മുതൽ അനർട്ട് **അക്ഷയ ഊർജ്ജ അവാർഡ്** നൽകി വരുന്നു. വ്യവസായ യൂണിറ്റുകൾ, വാണിജ്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, വ്യക്തികൾ എന്നീ വിഭാഗങ്ങളിലുള്ളവർക്കാണ് അവാർഡ് |
| (ബി) | നിലവിൽ ഗാർഹിക ഉപഭോക്താക്കൾ സോളാർ വൈദ്യുതി ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികൾ ഉണ്ട്; ഇതിന് സബ്സിഡി ഉണ്ടോ; വ്യക്തമാക്കാമോ; | | |
| (ഡി) | കെ.എസ്.ഇ.ബി. ക്ക് സോളാർ പാനൽ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കാമോ | | |

| | | | |
|---|---|---|---|
| | | | നൽകുന്നത്. സൗരോർജ്ജ പദ്ധതികളുടെ പ്രാധാന്യത്തെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിന്റെ ഭാഗമായി അനെർട്ട് പത്ര-ദൃശ്യ-ശ്രാവ്യ മാദ്ധ്യമങ്ങളിൽ കൂടി വ്യാപകമായ പ്രചരണം നടത്തുകയും വിവിധ എക്സിബിഷനുകളും സെമിനാറുകളും നടത്തി വരുകയും ചെയ്യുന്നു. അനെർട്ടും മലയാള മനോരമ പത്രവുമായി ചേർന്ന് 14 ജില്ലകളിൽ സെമിനാറുകൾ നടത്തുകയും അതിന്റെ വാർത്ത പ്രാധാന്യത്തോടെ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മാതൃഭൂമി പത്രവുമായി ചേർന്ന് കേരളം മുഴുവൻ പ്രത്യേക സപ്ലിമെന്റ് ഇറക്കുകയും ചെയ്തിട്ടുണ്ട്.<br>അനെർട്ട് സജ്ജമാക്കിയിട്ടുള്ള ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ 'ബൈ മൈ സൺ' (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ വഴി പുരപ്പുറത്ത് സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന ഗുണഭോക്താക്കൾക്ക് ഓൺ ഗ്രിഡ് സോളാർ പ്ലാന്റിന് കേന്ദ്ര സർക്കാർ നൽകുന്ന സബ്സിഡി അനെർട്ട് വഴി ലഭ്യമാകുന്നുണ്ട്. എം.എൻ.ആർ.ഇ. നിശ്ചയിക്കുന്ന ബെഞ്ച്മാർക്ക് വിലയോ, മത്സരാധിഷ്ഠിത പ്രക്രിയ വഴി ലഭിക്കുന്ന വിലയോ ഇതിൽ ഏതാണോ കുറവ് അതിന്റെ 30% ആണ് സബ്സിഡിയായി നൽകുന്നത്. ഇത് വ്യക്തികൾക്കും ട്രസ്റ്റ് അല്ലെങ്കിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്കുമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ആകെ 10 MW പദ്ധതികൾക്കാണ് ഇപ്പോൾ സബ്സിഡി ലഭ്യമായിട്ടുള്ളത്. അത് പൂർത്തിയാകുന്ന മുറയ്ക്ക് കൂടുതൽ സബ്സിഡിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ 35 കോടി രൂപ ഈ ഇനത്തിൽ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ട്.<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സ്ഥാപിക്കുന്ന **അക്ഷയ ഊർജ്ജ ഉപകരണ** ങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.<br>സൗര പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കെ.എസ്.ഇ.ബി ലിമിറ്റഡ് വഴി സബ്സിഡി നൽകുന്നില്ല. |

| | | | |
|---|---|---|---|
| (സി) | ഉൽപ്പാദിപ്പിക്കുന്ന അധിക വൈദ്യുതി കെ.എസ്.ഇ.ബി വാങ്ങുമോ; | **(സി)** | അധിക വൈദ്യുതി കെ.എസ്.ഇ.ബി ലിമിറ്റഡ് വാങ്ങും. |

**സെക്ഷൻ ഓഫീസർ**